തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ നടപടിക്രമം

(ഹാജർ : Geromic George IAS)

വിഷയം : തദ്ദേശസ്വയംഭരണ വകുപ്പ് - പ്രിൻസിപ്പൽ ഡയറക്ടറേറ്റ് - ഇടുക്കി ജില്ല - വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്ത് - അസിസ്റ്റന്റ് സെക്രട്ടറി ആയിരുന്ന ശ്രീ. സുനിൽകുമാർ ആർ.എസ്. അനധികൃതമായി ഓഫീസിൽ ഹാജരാകാത്തത് - അച്ചടക്കനടപടി - ശിക്ഷ നൽകി തീർപ്പാക്കി ഉത്തരവാകുന്നു.

പരാമർശം:

1) ഇന്റേണൽ വിജിലൻസ് ഓഫീസർ ഇടുക്കിയുടെ 02-11-2023 ലെ IVO 1/99/2023 നമ്പർ കത്ത്.
2) തദ്ദേശസ്വയംഭരണ വകുപ്പ് ഇടുക്കി ജില്ലാ ജോയിന്റ് ഡയറക്ടറുടെ 18-11-2023 ലെ LSGD/JD/IDK/5568/2023-A2 നമ്പർ കത്ത്.
3) തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 10-01-2024 ലെ LSGD/PD/67108/2023-VIGB3 നമ്പർ കുറ്റാരോപണ മെമ്മോ, കുറ്റാരോപണ പത്രിക.
4) തദ്ദേശസ്വയംഭരണ വകുപ്പ് ഇടുക്കി ജില്ലാ ജോയിന്റ് ഡയറക്ടറുടെ 25-05-2024 ലെ LSGD/JD/IDK/579/2024-A3 നമ്പർ കത്ത്.
5) തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 20-08-2024 തീയതിയിലെ LSGD/PD/67108/2023-VIGB3 നമ്പർ ഉത്തരവ്.
6) തദ്ദേശസ്വയംഭരണ വകുപ്പ് ഇടുക്കി ജില്ലാ ജോയിന്റ് ഡയറക്ടറുടെ 13-03-2025 ലെ LSGD/JD/IDK/579/2024-A3 നമ്പർ കത്തിനോടൊപ്പം സമർപ്പിച്ച ഔപചാരിക അന്വേഷണ റിപ്പോർട്ട്.
7) തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ കാര്യാലയത്തിലെ അഡീഷണൽ ഡയറക്ടർ (വിജിലൻസ്) മുൻപാകെ 22-05-2025 തീയതിയിൽ നടന്ന ഹിയറിംഗ്.
8) തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 21-06-2025 ലെ LSGD/PD/67108/2023-VIGB3 നമ്പർ കാരണം കാണിക്കൽ നോട്ടീസ്.
9) ശ്രീ. സുനിൽകുമാർ ആർ.എസ്. 25-06-2025 തീയതിയിൽ സമർപ്പിച്ച മറുപടി.

ഉത്തരവ് നമ്പർ. LSGD/PD/67108/2023-VIGB3 തീയതി: 09-08-2025

ഇടുക്കി ജില്ലയിലെ വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറി 09/10/2023 മുതൽ 06/01/2024 വരെ 90 ദിവസത്തേയ്ക്കുള്ള ആർജ്ജിത അവധി അപേക്ഷ 06/10/2023 ൽ പഞ്ചായത്തിൽ നൽകിയെങ്കിലും അവധി അനുവദിക്കുന്നത് പഞ്ചായത്തിന്റെ ഓഫീസ് പ്രവർത്തനത്തെ സാരമായി ബാധിക്കും എന്നതിനാൽ ഉടൻ തന്നെ ഓഫിസിൽ തിരികെ പ്രവേശിക്കേണ്ടതാണ് എന്ന് കാണിച്ച് 17/10/2023 ൽ വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിപ്പ് നൽകിയെങ്കിലും നാളിതുവരെയും ടിയാൻ ഓഫീസിൽ

ഹാജരായിട്ടില്ലാത്തതിനാൽ ടിയാനെതിരെ അച്ചടക്കനടപടി സ്വീകരിക്കുന്നതിന് ശുപാർശ ചെയ്യുകൊണ്ട് പരാമർശം (1) പ്രകാരം ഇന്റേണൽ വിജിലൻസ് ഓഫീസർ കത്ത് നൽകിയിരുന്നു.

വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറിയായിരുന്ന ശ്രീ. സുനിൽകുമാർ ആർ.എസ്. സമർപ്പിച്ച ആർജ്ജിതാവധി അപേക്ഷയോടൊപ്പം മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കാത്തതിനാൽ അവധി അപേക്ഷ നിരസിക്കുകയും തിരികെ ജോലിയിൽ പ്രവേശിക്കണമെന്ന് ആവശ്യപ്പെട്ട് കൊണ്ട് ടിയാന് കത്ത് നൽകുകയും ചെയ്തിട്ടുള്ളതായും എന്നാൽ നാളിതുവരെ തിരികെ ജോലിയിൽ പ്രവേശിച്ചിട്ടില്ല എന്നും അസിസ്റ്റന്റ് സെക്രട്ടറിയുടെ അഭാവം പഞ്ചായത്തിന്റെ പ്രവർത്തനങ്ങളെ സാരമായി ബാധിച്ചിട്ടുള്ളതായും ആയതിനാൽ ടിയാന്റെ അനധികൃത ഹാജരില്ലായ്മയിൻ മേൽ തുടർനടപടികൾ സ്വീകരിക്കുന്നതിനായി വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകിയ കത്ത് പരാമർശം (2) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് ഇടുക്കി ജില്ലാ ജോയിന്റ് ഡയറക്ടർ ലഭ്യമായിരുന്നു.

തുടർന്ന് ശ്രീ സുനിൽകുമാർ ആർ.എസ്. ഇടുക്കി ജില്ലയിലെ വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറി തസ്തികയിൽ ജോലി നോക്കി വരവെ, അനധികൃതമായി അവധിയിൽ തുടരുന്നതിൽ ഗുരുതരമായ ചട്ടലംഘനം, കൃത്യവിലോപം, അധികാരദുർവിനിയോഗം എന്നീ കുറ്റങ്ങൾക്ക് ഉത്തരവാദിയാണെന്ന് കണ്ടുകൊണ്ട് 1960-ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരമുള്ള കുറ്റാരോപണ മെമ്മോയും കുറ്റാരോപണ പത്രികയും പരാമർശം (3) പ്രകാരം നൽകി അച്ചടക്കനടപടികൾ ആരംഭിക്കുകയുണ്ടായി. പ്രസ്തുത കുറ്റാരോപണപത്രികയിൽ ചുവടെ ചേർക്കുന്ന ആരോപണങ്ങൾ ഉൾക്കൊള്ളിച്ചിരുന്നു.

താങ്കൾ 09/10/2023 മുതൽ 06/01/2024 വരെ 90 ദിവസത്തേയ്ക്കുള്ള ആർജ്ജിത അവധി അപേക്ഷ 06/10/2023-ൽ വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്ത് ഓഫീസിൽ നൽകിയിരുന്നു. എന്നാൽ അപേക്ഷയോടൊപ്പം മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കിയിരുന്നില്ല. താങ്കൾ സമർപ്പിച്ച അപേക്ഷയിൽ യാതൊരുവിധ തുടർനടപടികളും സ്വീകരിക്കാൻ സാധിക്കുകയില്ല എന്നും അവധി അനുവദിക്കുന്നത് പഞ്ചായത്തിന്റെ ഓഫീസ് പ്രവർത്തനത്തെ സാരമായി ബാധിക്കും എന്നതിനാൽ ഉടൻ തന്നെ ഓഫിസിൽ തിരികെ പ്രവേശിക്കേണ്ടതാണെന്നും അല്ലാത്തപക്ഷം താങ്കൾക്കെതിരെ നടപടി സ്വീകരിക്കുന്നതായിരിക്കും എന്ന് കാണിച്ച 17/10/2023-ൽ വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിപ്പ് നൽകിയെങ്കിലും ആയതിന് യാതൊരു വിലയും കൽപ്പിക്കാതെ ഓഫീസിൽ ഹാജരാകാതെ അനധികൃത ഹാജരില്ലായ്മയിൽ തുടരുന്നു. ഇപ്രകാരം നിയമാനുസരണം അവധി ലഭിക്കാതെ അനധികൃതമായി അവധിയിൽ തുടരുന്നത് താങ്കളുടെ ഭാഗത്തു നിന്നുമുള്ള ഗുരുതരമായ വീഴ്ചയും അച്ചടക്കലംഘനവും മേലധികാരികളോടുള്ള നിഷേധാത്മക സമീപനവും സർക്കാർ സേവനത്തോടുള്ള അനാദരവുമാണ്.

കുറ്റാരോപണപത്രികയ്ക്ക് ശ്രീ സുനിൽകുമാർ ആർ.എസ്. സമർപ്പിച്ച പ്രതിവാദപത്രിക പരാമർശം (4) പ്രകാരം ലഭ്യമാക്കിയിരുന്നു. ആയതിൽ ചുവടെ ചേർക്കും പ്രകാരം വാദങ്ങൾ ഉൾപ്പെടുത്തിയിരുന്നു.

കണ്ണൂർ ജില്ലയിലെ ആറളം ഗ്രാമപഞ്ചായത്തിൽ അസിസ്റ്റന്റ് സെക്രട്ടറിയായിരുന്ന എന്നെ ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ഡയറക്ടറുടെ 25/07/2023 തീയതിയിലെ LSGD/PD/46015/2023-DEB1 നമ്പർ ഉത്തരവു പ്രകാരം വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്തിലേക്ക് സ്ഥലം മാറ്റി നിയമിക്കുകയും 17.08.2023 ന് ആ ഓഫീസിൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്തിരുന്നു. എന്റെ സ്വന്തം സ്ഥലം കൊല്ലം ജില്ലയിലാണ്. ഭാര്യയ്ക്ക് പ്രൊമോഷൻ (റവന്യൂ വകുപ്പ്) ലഭിച്ച് മലപ്പുറം ജില്ലയിലേയ്ക്ക് സ്ഥലമാറ്റം ലഭിച്ച സമയം കൂടിയായിരുന്നു അപ്പോൾ വീട്ടിൽ കുട്ടികളുടെ കാര്യങ്ങൾ ശ്രദ്ധിക്കാൻ എന്റെ അമ്മ മാത്രമേ ഉണ്ടായിരുന്നുള്ളൂ. അമ്മയ്ക്ക് പ്രായാധിക്യം

മൂലമുള്ള ആരോഗ്യപ്രശ്നങ്ങൾ ഉള്ളയാളുമാണ്. ഭാര്യ മലപ്പുറത്തേയ്ക്ക് മാറിയപ്പോൾ മോൾക്ക് പെട്ടെന്ന് അത് ഉൾക്കൊള്ളാൻ കഴിയാതെവരികയും വളരെ gloomy ആയി കാണപ്പെടുകയും പഠനത്തിനെ അത് ബാധിക്കുകയും ചെയ്തു. സദാ സന്തോഷത്തോടെ പെരുമാറിയിരുന്ന കുട്ടിയിൽ പെട്ടെന്ന് ഇങ്ങനെ ഒരു മാറ്റം വന്നപ്പോൾ വല്ലാത്ത വിഷമാവസ്ഥയിലായി. ഞാൻ ഈ കാര്യങ്ങൾ സെക്രട്ടറിയെ ബോധ്യപ്പെടുത്തുകയും ലീവ് എടുത്തു കൊള്ളാൻ വാക്കാൽ അനുവാദം നൽകുകയും ചെയ്തിരുന്നു. അതു പ്രകാരമാണ് ഞാൻ 09.10.2023 മുതൽ 06.01-2024 വരെ 90 ദിവസത്തേയ്ക്ക് ലീവ് അപേക്ഷ നൽകിയിരുന്നത്. എന്നാൽ തിരികെ ജോലിയിൽ പ്രവേശിക്കണമെന്നു നിർദ്ദേശിച്ചു കൊണ്ട് കത്ത് ലഭിച്ചുവെങ്കിലും കടുത്ത നിരാശയിലും മാനസിക വ്യഥയിലുമായിരുന്നതിനാൽ തിരികെ പ്രവേശിക്കാൻ സാധിച്ചില്ല. അമ്മയുടെ ആരോഗ്യസ്ഥിതി കണക്കിലെടുത്തും കുട്ടിയുടെ പ്രശ്നം പരിഹരിക്കുന്നതിനും എന്റെ സാന്നിധ്യം വീട്ടിൽ അത്യന്താപേക്ഷിതമായ സമയമായിരുന്നു അത്. കുട്ടിയുടെ പ്രശ്നങ്ങളൊക്കെ ക്രമേണ അതുകൊണ്ട് പരിഹൃതമാവുകയും ചെയ്തു. വീട്ടിൽ എന്റെ സാന്നിധ്യം ഇല്ലായിരുന്നുവെങ്കിൽ വളരെ വിഷമകരമായ ഒരു അവസ്ഥ ഉണ്ടാകുമായിരുന്നു. വണ്ടിപ്പെരിയാറിൽ ആ സമയം അത്ര തിരക്കുള്ള സമയമല്ലായിരുന്നതു കൊണ്ട് എ.എസ്.- ന്റെ അഭാവം കാര്യമായ ബുദ്ധിമുട്ട് ഉണ്ടാക്കില്ല എന്നും തോന്നിയിരുന്നു.

വളരെ തിരക്കുപിടിച്ച കണ്ണൂർ ജില്ലയിലെ ആറളം ഗ്രാമപഞ്ചായത്തിൽ എ.എസ്. ആയി സേവനം ചെയ്ത വരവെ സെക്രട്ടറി ലീവിൽ പോയതിനാൽ വളരെ കാലത്തോളം സെക്രട്ടറിയുടെ ചാർജ്ജും ഞാൻ വഹിച്ചിരുന്നു. മുമ്പ് കൊല്ലം ജില്ലയിൽ മൈലം ഗ്രാമപഞ്ചായത്തിൽ ഹെഡ് ക്ലർക്കായിരുന്നപ്പോൾ ഒരേ സമയം എ.എസും സെക്രട്ടറിയും ഇല്ലാതിരുന്ന കാലയളവുകളിലും മൂന്നു പോസ്റ്റുകളിലേയും ചാർജ്ജ് ഒരേ സമയം വഹിച്ചിരുന്നു. ജോലിയിൽ അലംഭാവമോ വീഴ്ച്ചയോ വരുത്തിയിട്ടില്ല. സഹജീവനക്കാരോടാ മേലുദ്യോഗസ്ഥരോടോ പൊതുജനങ്ങളോടോ ധിക്കാരപരമായി ഒരിക്കലും പെരുമാറിയിട്ടുമില്ല. വണ്ടിപ്പെരിയാറിൽ ലീവിലായിരുന്നപ്പോഴും സെക്രട്ടറി ആവശ്യപ്പെട്ടതു പ്രകാരം പലപ്പോഴും ഓഫീസിലെത്തിയിട്ടുമുണ്ട്.

ധിക്കാരപരമായി പെരുമാറിയതല്ല. മറിച്ച് കുട്ടിക്ക് മാതാപിതാക്കളിൽ ഒരാളിന്റെയെങ്കിലും സാന്നിദ്ധ്യം അത്യന്താപേക്ഷിതമായിരുന്നതു കൊണ്ടും പ്രായാധിക്യത്താലുള്ള ആരോഗ്യ പ്രശ്നങ്ങളുള്ള അമ്മയ്ക്ക് കൂടുതൽ വിഷമതകൾ ഉണ്ടാകരുതെന്നു കരുതിയതു കൊണ്ടും അക്കാരണങ്ങൾ കൊണ്ടുണ്ടായ കടുത്ത മാനസിക പിരിമുറുക്കങ്ങൾ കൊണ്ടുമാണ് തിരികെ പ്രവേശിക്കണമെന്നു നിർദ്ദേശിച്ചിട്ടും അങ്ങനെ ചെയ്യാൻ കഴിയാതെ പോയത്. ആയതിനാൽ മനപൂർവ്വമല്ലാതെയുള്ള ഈ വീഴ്ച മാപ്പാക്കണമെന്നും എന്റെ ലീവ് അനുവദിക്കണമെന്നും ശിക്ഷയിൽ നിന്നും ഒഴിവാക്കണമെന്നും താഴ്മയായി അപേക്ഷിക്കുന്നു.

ടി വിഷയത്തിൽ 1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 (2) പ്രകാരം ഔപചാരിക അന്വേഷണം ആവശ്യമാണെന്ന് കണ്ടുകൊണ്ട് അപ്രകാരം അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് ഇടുക്കി ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിലെ ഡെപ്യൂട്ടി ഡയറക്ടർ ശ്രീ. ജോസഫ് സെബാസ്റ്റ്യനെ ചുമതലപ്പെടുത്തി പരാമർശം (5) പ്രകാരം ഉത്തരവായിരുന്നു. ആയതിൽ അന്വേഷണം നടത്തി പരാമർശം (6) പ്രകാരം ഔപചാരിക അന്വേഷണ റിപ്പോർട്ട് ലഭ്യമായിരുന്നു.

ഔപചാരിക അന്വേഷണ റിപ്പോർട്ടിൽ അവധി അനുവദിക്കാതെ 09.10.2023 മുതൽ 06.01.2024 വരെയുള്ള തീയതികളിൽ ഓഫീസിൽ ഹാജരാകാതെയിരുന്നതും അവധി അനുവദിക്കാൻ കഴിയില്ലായെന്നുള്ള വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 17.10.2023-ലെ നിർദ്ദേശത്തോട് പ്രതികരിക്കാതെയിരുന്നതും സംബന്ധിച്ച് ശ്രീ സുനിൽകുമാർ ആർ.എസ്. എതിർവാദപത്രികയിലും നേർക്കാഴ്ചാവേളയിലും നൽകിയ മറുപടിയിലെ വാദങ്ങൾ നിലനിൽക്കത്തക്കതല്ലായെന്ന് കാണുന്നതിനാൽ നിരാകരിക്കാവുന്നതും ടിയാനെതിരെ

ഉചിതമായ നടപടികൾ സ്വീകരിക്കാവുന്നതുമാണ് എന്ന് ശിപാർശ ചെയ്തിരുന്നു.

തുടർന്ന് അച്ചടക്കനടപടിയിൽ തുടർനടപടിയുടെ ഭാഗമായി പരാമർശം (07) പ്രകാരം ടിയാനെ പ്രിൻസിപ്പൽ ഡയറക്ടറുടെ കാര്യാലയത്തിൽ നേരിൽ കേട്ടിരുന്നു. നേർകാഴ്ച വേളയിൽ, കുറ്റാരോപണ മെമ്മോയ്ക്ക് സമർപ്പിച്ചിരുന്ന മറുപടിയിൽ പറഞ്ഞിരുന്ന കാര്യങ്ങളെല്ലാം തന്നെ വാസ്തവമാണെന്നും, തുടർന്ന് നിയമനം നൽകിയപ്പോൾ വിദൂര ജില്ലയായ പാലക്കാട് ജില്ലയിലെ അഗളി ഗ്രാമപഞ്ചായത്തിൽ നിയമനം നൽകിയിട്ടുള്ളതായും 9 മാസക്കാലത്തോളം ടി ഓഫീസിൽ ജോലിയിലുണ്ടാവുകയും ചെയ്തിരുന്നതായും, വിദൂര ജില്ലയിലേയ്ക്ക് സ്ഥലം മാറ്റിയതും, സമർപ്പിച്ചിരുന്ന എതിർവാദപ്രതികയിൽ പറഞ്ഞിരുന്ന കാര്യങ്ങളെ കണക്കിലെടുത്തും കൂടുതൽ ശിക്ഷ നടപടികളിൽ നിന്നും ഒഴിവാക്കണമെന്ന് അഭ്യർത്ഥിച്ചിരുന്നു.

തുടർന്ന് മേൽ വിഷയത്തിൽ വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറിയായിരുന്ന ശ്രീ. സുനിൽകുമാർ ആർ.എസ്. ന്റെ ഭാഗത്ത് നിന്നും വീഴ്ച സംഭവിച്ചിട്ടുള്ളതായി കണ്ടുകൊണ്ട് അച്ചടക്കനടപടിയിൽ ടിയാന്റെ ഒരു വാർഷിക ശമ്പള വർദ്ധനവ് സഞ്ചിതഫലത്തോടെ അല്ലാതെ ആറ് മാസത്തേക്ക് തടയുന്നതിന് താൽക്കാലികമായി തീരുമാനിച്ചുകൊണ്ട് പരാമർശം (08) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു. ആയതിന് ടിയാൻ പരാമർശം (09) പ്രകാരം മറുപടി സമർപ്പിച്ചിരുന്നു. ആയതിൽ വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്തിൽ നൽകിയ അവധി അപേക്ഷ പരിഗണിക്കാഞ്ഞതിനാൽ ടി മൂന്നു മാസക്കാലയളവിലെ ശമ്പളം തനിക്ക് ലഭിച്ചിട്ടില്ല എന്നും അച്ചടക്കനടപടി പൂർത്തിയാകാത്തതിനാൽ സേവന പുസ്തകം വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്തിൽ നിന്നും അഗളിയിലേയ്ക്കും തുടർന്ന് ഇപ്പോൾ ജോലി ചെയ്യുന്ന മൈലം ഗ്രാമപഞ്ചായത്തിലേയ്ക്കും അയച്ചു നൽകിയിട്ടില്ലാത്തതിനാൽ 2 വാർഷിക ശമ്പള വർദ്ധനവുകൾ പാസാക്കുവാനും കഴിഞ്ഞിട്ടില്ല എന്നും കുടുംബപരമായ വിഷമ പ്രശ്നങ്ങൾ സെക്രട്ടറിയെ ബോധ്യപ്പെടുത്തി, അവധിക്കായി അപേക്ഷ നൽകിയിരുന്നതിനാൽ തന്റെ അവധി അപേക്ഷ പരിഗണിക്കണമെന്നും വിദൂര ദുർഘട പ്രദേശത്തേയ്ക്ക് സ്ഥലം മാറ്റിയിരുന്നതിനാൽ വാർഷിക ശമ്പള വർദ്ധനവ് തടഞ്ഞു കൊണ്ടുള്ള ഉത്തരവിൽ ഇളവ് ഉണ്ടാകണമെന്നും അപേക്ഷിച്ചിരിക്കുന്നു.

മേൽ വസ്തുതകളും അന്വേഷണ റിപ്പോർട്ടുകളും, എതിർവാദവും, നേർകാഴ്ച വേളയിൽ നൽകിയ മൊഴിയും, വിശദീകരണവും, മറുപടിയും പരിശോധിച്ചതിൽ ശ്രീ. സുനിൽകുമാർ ആർ.എസ്. -നെതിരെ അവധി അനുവദിക്കാതെ അനധികൃത ഹാജരില്ലായ്മയിൽ തുടർന്നു എന്ന ആരോപണം നിലനിൽക്കുന്നതായും ഉത്തരവാദിത്തപ്പെട്ട സൂപ്പർവൈസറി തസ്തികയിൽ ജോലി നോക്കി വന്നിരുന്ന ടിയാന്റെ ഭാഗത്ത് നിന്നുള്ള ടി വീഴ്ച അംഗീകരിക്കാൻ കഴിയുന്നതല്ല എന്നും ടിയാൻ ശിക്ഷ അർഹിക്കുന്നതായും ബോധ്യപ്പെടുന്നു. ടി സാഹചര്യത്തിൽ ശ്രീ. സുനിൽകുമാർ ആർ.എസ്. -ന്റെ **ഒരു വാർഷിക ശമ്പള വർദ്ധനവ് സഞ്ചിതഫലത്തോടെ അല്ലാതെ ആറ് മാസത്തേക്ക് തടയുന്നതിന്** താൽകാലികമായി തീരുമാനിച്ചുകൊണ്ട് പരാമർശം (08) പ്രകാരം നൽകിയ കാരണം കാണിക്കൽ നോട്ടീസിലെ തീരുമാനം സ്ഥിരപ്പെടുത്തികൊണ്ട് മേൽ പരാമർശ വിഷയത്തിലെ അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവാകുന്നു.

Geromic George IAS

PRINCIPAL DIRECTOR

ശ്രീ സുനിൽകുമാർ ആർ.എസ്

മുൻ അസിസ്റ്റന്റ് സെക്രട്ടറി, വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്ത്

നിലവിൽ അസിസ്റ്റന്റ് സെക്രട്ടറി, മൈലം ഗ്രാമപഞ്ചായത്ത്

(തദ്ദേശസ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർ. കൊല്ലം മുഖേനെ)

പകർപ്പ് :

1. തദ്ദേശസ്വയംഭരണവകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർ, കൊല്ലം (ഉത്തരവ് ശ്രീ. സുനിൽകുമാർ ആർ.എസ്.-ന് നൽകി കൈപ്പറ്റ് പകർപ്പ് സമയബന്ധിതമായി തിരികെ സമർപ്പിക്കേണ്ടതാണ്. ഉത്തരവ് നടപ്പിലാക്കി നടപടി വിവരം ടിയാന്റെ സേവന പുസ്തകത്തിൽ രേഖപ്പെടുത്തി ആയതിന്റെ പകർപ്പ് ലഭ്യമാക്കേണ്ടതാണ്.)
2. തദ്ദേശസ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർ, ഇടുക്കി
3. സൂപ്രണ്ട്, DEB സെക്ഷൻ, പ്രിൻസിപ്പൽ ഡയറക്ടറേറ്റ്
4. സൂപ്രണ്ട്, DED സെക്ഷൻ, പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, (വിവരാവകാശ നിയമം പ്രകാരം വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
5. കരുതൽ ഫയൽ / ഓഫീസ് കോപ്പി

Signed by
Geromic George Ias
Date: 09-08-2025 15:09:04